പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭ ചോദ്യം നം: 7334

14/7/2014 ൽ

മറുപടിക്ക്

# നാടക, വാദ്യ കലാകാരന്മാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>'' ആർ. സെൽവരാജ്<br>'' കെ. മുരളീധരൻ<br>'' പി. സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) നാടക, വാദ്യ കലാകാരന്മാർക്ക് ഇൻഷ്വറൻസ് മെഡിക്കൽ ക്ലെയിം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2010 മുതൽ 642 പ്രൊഫഷണൽ നാടക കലാകാരന്മാർക്കും, 2012 മുതൽ 196 വാദ്യകലാകാരന്മാർക്കും ഇൻഷ്വറൻസ് മെഡി ക്ലെയിം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കാലാവധി 3 വർഷത്തേക്കാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | രോഗാവസ്ഥയിലും അപകടത്തിലും പെടുന്ന കലാകാരന്മാരുടെ ചികിത്സയ്ക്ക് ധനസഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കുന്നത് ; വിശദമാക്കുമോ ; | (സി) സ്പോൺസർഷിപ്പു മുഖേനയാണ് ധനം സമാഹരിക്കുന്നത്. പ്രൊഫഷണൽ നാടക കലാകാരന്മാർക്കുള്ള പ്രീമിയം തുക പ്രശസ്ത സിനിമാ താരങ്ങളായ മമ്മൂട്ടിയും മോഹൻലാലും, വാദ്യ കലാകാരന്മാർക്കുള്ള പ്രീമിയം തുക മറുനാടൻ വ്യവസായിയായ ഡോ.ബി.ആർ.ഷെട്ടിയുമാണ് നൽകിയിരിക്കുന്നത്. |
| (ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) ഓരോ വർഷവും രോഗചികിത്സയ്ക്കും അപകടങ്ങൾക്കും ഒരു ലക്ഷം രൂപ ചികിത്സാ സഹായം, അപകടത്തിൽ മരിക്കുന്ന കലാകാരന്റെ കുടുംബത്തിന് ഒരു ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ, രോഗാവസ്ഥയിൽ ആഴ്ചയിൽ 1,000/- രൂപ വീതം 10 ആഴ്ചയും, അപകടങ്ങൾക്ക് ആഴ്ചയിൽ 1,000/- രൂപ വീതം 100 ആഴ്ചയും ഇടക്കാലാശ്വാസം എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് മെഡി ക്ലെയിം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ നാടക കലാകാരന്മാർക്ക്, 1,18,328/- രൂപയും വാദ്യകലാകാരന്മാർക്ക് 91,186/- രൂപയും ഇൻഷ്വറൻസ് ക്ലെയിമായും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ